Sectt. 37. 3/535/2012/3 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് -ബാലുശ്ശേരി നിയോജക മണ്ഡലം-അസംബ്ലി മണ്ഡല ആസ്തി വികസന പദ്ധതി പ്രകാരം കിനാലൂർ വ്യവസായ വികസന കേന്ദ്രത്തിലെ പനങ്ങാട് ഗ്രാമപഞ്ചായത്ത് വക ഭൂമിയിൽ വനിത മിനി ഇൻഡസ്ട്രിയൽ കെട്ടിട നിർമ്മാണ പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയ ഉത്തരവ് പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ)നം. **2201**/2014/തസ്വഭവ  തിരുവനന്തപുരം, തീയതി : 25.08.2014.

---

പരാമർശം:-(1) ജി.ഒ(പി)നം.332/2012/ധന ; തീയതി : 11.06.2012.
(2) സ.ഉ(സാധാ)നം.1220/2013/തസ്വഭവ തീയതി : 06.05.2013.
(3) ശ്രീ.പുരുഷൻ കടലുണ്ടി എം.എൽ.എയുടെ 02.03.2014-ലെ കത്ത്
(4) പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയറുടെ 06.03.2014-ലെ CE/BL/PLG/LAC-ADS/KKD/1802/14 നമ്പർ കത്ത്
(5) 03.06.2014-ലെ സർക്കുലർ നം.54/2014/ധന

## ഉത്തരവ്

ശ്രീ.പുരുഷൻ കടലുണ്ടി, ബാലുശ്ശേരി നിയോജക മണ്ഡലം എം.എൽ.എയുടെ 2012-13 ആസ്തി വികസന പദ്ധതി പ്രകാരം കിനാലൂർ വ്യവസായ വികസന കേന്ദ്രത്തിലെ പനങ്ങാട് ഗ്രാമപഞ്ചായത്ത് വക ഭൂമിയിൽ വനിത മിനി ഇൻഡസ്ട്രിയൽ കെട്ടിട നിർമ്മാണപ്രവൃത്തിയ്ക്ക് 25,00,000/-രൂപ (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) എസ്റ്റിമേറ്റ് ചെലവിൽ പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത കെട്ടിടത്തിന് തയ്യാറാക്കിയ ഡിസൈൻ പ്രകാരം 55.30 ലക്ഷം രൂപ ചെലവ് കണക്കാക്കിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം(3) പ്രകാരം 2013-14 ആസ്തി വികസന പദ്ധതിയിൽ 30.30 ലക്ഷം രൂപ അധികമായി അനുവദിക്കുകയും പരാമർശം (4) പ്രകാരം 55.30 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.പുരുഷൻ കടലുണ്ടി, ബാലുശ്ശേരി നിയോജകമണ്ഡലം എം.എൽ.എയുടെ 2013-14 ആസ്തി വികസന പദ്ധതിയിൽ അധികമായി അനുവദിച്ച 30.30 ലക്ഷം രൂപ കൂടി ഉൾപ്പെടുത്തി ആകെ 55.30 ലക്ഷം രൂപ എസ്റ്റിമേറ്റ് ചെലവിൽ കിനാലൂർ വ്യവസായ വികസന കേന്ദ്രത്തിലെ പനങ്ങാട് ഗ്രാമപഞ്ചായത്ത് വക ഭൂമിയിൽ വനിത മിനി ഇൻഡസ്ട്രിയൽ കെട്ടിട നിർമ്മാണപ്രവൃത്തി പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായും എല്ലാവിധ വകുപ്പുതല നടപടികൾക്ക് വിധേയമായും പൊതുമരാമത്ത് വകുപ്പ് മുഖേന ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നതിന് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി പരാമർശം (2) ഉത്തരവ് പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത പ്രവൃത്തിയ്ക്കാവശ്യമായ തുക പരാമർശം(5)-ലെ വ്യവസ്ഥകൾക്കനുസൃതമായി പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**സി.വത്സല**
**ജോയിന്റ് സെക്രട്ടറി**

ശ്രീ.പുരുഷൻ കടലുണ്ടി, എം.എൽ.എ(ഉപരിപത്രം സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിടവിഭാഗം), തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, പനങ്ങാട് ഗ്രാമപഞ്ചായത്ത്, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, ആഡിറ്റ്, കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, എ&ഇ, കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി, തിരുവനന്തപുരം
ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ് (U.O.59294/NC-B3/2014/Fin dated 23.07.2014.)
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ